**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4067** **15-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനതലത്തിൽ SLEC (State Level Empowered Committee) മുഖാന്തിരവും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി തലത്തിലും ഗ്രാമവികസന കമ്മീഷണർ തലത്തിലും അവലോകനങ്ങൾ നടക്കുന്നുണ്ട്. കൂടാതെ ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ വഴിയായും PMGSY പ്രവർത്തികൾ അവലോകനത്തിന് വിധേയമാകുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ, എം.എൽ.എ. മാരെ കൂടി ഉൾപ്പെടുത്തി മണ്ഡലാടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ അവലോകനം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | നിലവിൽ PMGSY പ്രവർത്തികൾക്കായി ജില്ലാ അടിസ്ഥാനത്തിൽ Programme Management Committee പ്രവർത്തിക്കുന്നുണ്ട്. ഇത്തരം മീറ്റിങ്ങുകളിൽ MLA മാരെ ഉൾപ്പെടുത്താവുന്നതാണ്. മണ്ഡലാടിസ്ഥാനത്തിലും ബന്ധപ്പെട്ട MLA മാരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ, ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി നടത്താവുന്നതാണ്. ജില്ലാ വികസന സമിതികളിലും PMGSY യുമായി ബന്ധപ്പെട്ട പ്രവർത്തികൾ അവലോകനം ചെയ്യപ്പെടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമനം. | ബ്ലോക്ക് | പഞ്ചായത്ത് | പാക്കേജ് നമ്പർ | റോഡിന്റെ പേര് | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|---|
| 1. | പയ്യന്നൂർ | എരമം കുറ്റൂർ | KR 04-82 | കോയിപ്ര തളിച്ചാൽ തെന്നം റോഡ് | ആകെയുള്ള 3.385 കി.മീറ്ററിൽ 2,880 കി.മീ ടാറിംഗ് പ്രവൃത്തി പൂർത്തിയായി |
| 2. | പയ്യന്നൂർ | എരമം കുറ്റൂർ | KR 04-82B | കോയിപ്ര തളിച്ചാൽ തെന്നം പാലം | സ്ലാബ് ബീം കോൺക്രീറ്റ് പണി പൂർത്തിയായി. റീടെയിനിങ്ങ് വാൾ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 3. | പയ്യന്നൂർ | പെരിങ്ങോം വയക്കര | KR 04-94 | വയക്കര പാങ്കയം പോത്താംക്കണ്ടം റോഡ് | കൾവേർട്ട് നിർമ്മാണം പുരോഗമിക്കുന്നു |
| 4. | പയ്യന്നൂർ | പെരിങ്ങോം വയക്കര | KR 04-96 | അരവഞ്ചാൽ കാഞ്ഞിരപ്പൊയിൽ കോട്ടോൾ ഉദയംകുന്ന് ചട്ട്യോൾ റോഡ് | കൾവർട്ട് നിർമ്മാണം പൂർത്തിയായി. ഫോർമേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. |